II ഇ.ബി. XIII- കേരള നിയമസഭ/XVI-4

# പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2016 ഫെബ്രുവരി 16, ചൊവ്വ

നിയമസഭ രാവിലെ 08.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(ചോദ്യോത്തരവേള ആരംഭിച്ചപ്പോൾ പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം എഴുന്നേറ്റുനിന്ന് അഴിമതി മന്ത്രിസഭ രാജിവയ്ക്കണമെന്നാവശ്യപ്പെട്ട് മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു.)

(നക്ഷത്ര ചിഹ്നമിട്ട 151, 152, 153 എന്നീ നമ്പർ ചോദ്യങ്ങൾ ചോദ്യകർത്താക്കളായ പ്രതിപക്ഷാംഗങ്ങൾ ഉന്നയിക്കാൻ തയ്യാറാകാത്തതിനാൽ പരിഗണനയ്ക്കെടുത്തില്ല.)

8 (*154) മലയാള ഭാഷ - ഔദ്യോഗിക ഭാഷ

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) നൽകിയ മറുപടിയിൽ, ഔദ്യോഗിക ഭാഷ പൂർണ്ണമായും മലയാളമാക്കുകയെന്ന സർക്കാരിന്റെ പ്രഖ്യാപിത നയം നടപ്പാക്കുന്നതിനായി മലയാളം കമ്പ്യൂട്ടിംഗ്

പരിശീലനം; ഭരണഭാഷാ പരിശീലനം; കോഡുകളും മാന്വലുകളും പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിക്കൽ; ബോർഡുകൾ മലയാളത്തിലാക്കൽ; പരിഭാഷാ സെൽ രൂപീകരണം; വകുപ്പുതല സമിതി; ഭരണഭാഷാ പ്രചാരണം മലയാളത്തിലാക്കൽ; വെബ്സൈറ്റിലെ വിവരം മലയാളത്തിൽ കൂടി ലഭ്യമാക്കൽ; ക്ലാസ് I&II ഓഫീസർമാർക്ക് മലയാളം കമ്പ്യൂട്ടിംഗിലും ഭാഷയിലും പരിശീലനം നൽകൽ തുടങ്ങിയവയ്ക്ക് പ്രത്യേക ഊന്നൽ നൽകിക്കൊണ്ട് രൂപപ്പെടുത്തിയ കർമ്മ പരിപാടി നടപ്പിലാക്കുന്നതിനായി ഓരോ വകുപ്പിലും ഏകോപനാധികാരിയെ നിയോഗിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ഭരണഭാഷ വർഷാഘോഷം 2015 നവംബർ 1 മുതൽ 2016 ഒക്ടോബർ 31 വരെ ദീർഘിപ്പിക്കുകയും ഭാഷാമാറ്റ പുരോഗതി നൂറുശതമാനം കൈവരിക്കുന്നതിനാവശ്യമായ കർമ്മ പദ്ധതി ഔദ്യോഗിക ഭാഷാ വകുപ്പ് തയ്യാറാക്കിയിട്ടുള്ള നിശ്ചിത പ്രൊഫോർമയിൽ തയ്യാറാക്കി നടപ്പാക്കുന്നതിന് സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും എല്ലാ സർക്കാർ വകുപ്പുകൾക്കും സർക്കാർ നിയന്ത്രണത്തിലുള്ള പൊതുമേഖല/അർദ്ധ സർക്കാർ/സ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. മലയാളം ഔദ്യോഗിക ഭാഷയാക്കുന്നതുമൂലം ഭാഷാ ന്യൂനപക്ഷങ്ങൾക്ക്

ബുദ്ധിമുട്ടുണ്ടാകാതിരിക്കാൻ ഗവൺമെന്റ് പ്രത്യേകമായി ശ്രദ്ധിക്കുന്നതാണ്. ദേശീയ/അന്തർദേശീയ പ്രതിനിധികൾ പങ്കെടുക്കുന്ന പരിപാടികളൊഴികെയുള്ള സംസ്ഥാന ഗവൺമെന്റിന്റെ എല്ലാ പരിപാടികളും മലയാളത്തിലാക്കുന്നതിന് വ്യക്തമായ നിർദ്ദേശം നൽകിയിട്ടുണ്ട്. കോടതി വ്യവഹാരങ്ങൾ മലയാളത്തിലാക്കുന്നതിനുള്ള നടപടി ഊർജ്ജിതപ്പെടുത്തുന്നതാണെന്നും അപേക്ഷാ ഫാറങ്ങൾ മലയാളത്തിലാക്കുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ടെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. കമ്പ്യൂട്ടിംഗിൽ മലയാളം സോഫ്റ്റ്‌വെയറുകളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനായി കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഒരു സമഗ്ര പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ടെന്നും ഉദ്യോഗസ്ഥ തലത്തിൽ മലയാളം ഔദ്യോഗിക ഭാഷയാക്കുന്നതിനുള്ള നടപടി സമയബന്ധിതമായി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങളിലിടപെട്ടുകൊണ്ട് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി വ്യക്തമാക്കി.

9 (*155) ബാല സാന്ത്വനം പദ്ധതി

മുഖ്യമന്ത്രി നൽകിയ മറുപടിയിൽ, റീജിയണൽ ക്യാൻസർ സെന്ററിൽ ചികിത്സയിൽ കഴിയുന്ന 18 വയസ്സിൽ താഴെ പ്രായമുള്ള

കുട്ടികൾക്ക് പൂർണ്ണമായും സൗജന്യ ചികിത്സ നൽകുന്നതിനായി സ്വയം സന്നദ്ധരായ സർക്കാർ/പൊതുമേഖലാ/സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ശമ്പളത്തിൽനിന്നും പ്രതിമാസം ഒരു നിശ്ചിത തുക വീതം സ്വരൂപിച്ച് 'ബാല സാന്ത്വനം-2014' പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ബാല സാന്ത്വനം പദ്ധതി വിപുലീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ക്യാൻസർ രോഗ ചികിത്സയ്ക്ക് വേണ്ടിവരുന്ന ഭീമമായ ചെലവ് കണക്കിലെടുത്ത് 'ബാല സാന്ത്വനം' പദ്ധതിയുടെ മാർഗ്ഗരേഖയിൽ ഭേദഗതി വരുത്തുകയും തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിൽ ചികിത്സയിൽ കഴിയുന്ന ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള 18 വയസ്സ് വരെയുള്ള കുട്ടികളുടെ കുടുംബത്തിന് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് വർഷത്തിൽ 5,000/- രൂപ നിരക്കിൽ സഹായധനം നൽകുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുകയും അർഹരായ ഗുണഭോക്താക്കൾക്ക് അതുപ്രകാരം സഹായധനം നൽകാനുള്ള നടപടി സ്വീകരിക്കുവാൻ ആർ.സി.സി. ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി ഉദ്യോഗസ്ഥരുടെ ശമ്പളത്തിൽനിന്നും കുറവ് ചെയ്യുന്ന തുക നിക്ഷേപിക്കുന്നതിന് ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ സ്പെഷ്യൽ

റ്റി.എസ്.ബി. അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. അർബുദ ബാധിതരായ കുട്ടികളുടെ ചികിത്സാ ചെലവുകൾക്കായി സംസ്ഥാന സർക്കാർ നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്. മലബാർ ക്യാൻസർ സെന്ററിന്റെ നിർമ്മാണത്തിന് ആവശ്യാനുസരണം ഫണ്ട് അനുവദിക്കുന്നതാണ്. അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയക്ക് നൽകിവരുന്ന ധനസഹായം വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. ക്യാൻസർ രോഗത്തിനെതിരായി സംസ്ഥാനത്ത് ശക്തമായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ടെന്ന് മുഖ്യമന്ത്രിയും ക്യാൻസർ രോഗികളുടെ രജിസ്ട്രി തയ്യാറാക്കുന്നതുൾപ്പെടെയുള്ള പ്രവർത്തനവുമായി ആരോഗ്യ വകുപ്പ് മുന്നോട്ട് പോകുകയാണെന്ന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രിയും ഉപചോദ്യങ്ങളിലിടപെട്ടുകൊണ്ട് വ്യക്തമാക്കി.

10 (*156) കേന്ദ്ര ഫണ്ട്

മുഖ്യമന്ത്രി നൽകിയ മറുപടിയിൽ, പദ്ധതി പ്രവർത്തനങ്ങൾക്കായി കേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന ഫണ്ട് യഥാസമയം ഇംപ്ലിമെന്റിംഗ് വകുപ്പിന് കൈമാറി നിർദ്ദിഷ്ട പദ്ധതികൾ കൃത്യമായി പൂർത്തീകരിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന്

സഭയെ അറിയിച്ചു. ഐ.ഡി.എം.ഐ. പദ്ധതി പ്രകാരം ലഭിച്ച തുക ചെലവഴിക്കുന്നതിൽ വീഴ്ച വന്നിട്ടുണ്ടോയെന്ന കാര്യം പരിശോധിക്കുന്നതാണെന്ന് ഉപചോദ്യത്തിന് മറുപടിയായി മുഖ്യമന്ത്രി വ്യക്തമാക്കി.

(നക്ഷത്ര ചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്ര ചിഹ്നമിടാത്ത 1731 മുതൽ 2038 വരെയുള്ള ചോദ്യങ്ങളിൽ 113 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)

* * * * * * * * * *